(ഇ) അനുവദിക്കപ്പെട്ടവയിൽ പണി ആരംഭിക്കാത്ത റോഡുകളുടെ പണി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആരംഭിക്കുകയാണ്.

10 (446) മാനവീയം പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന 'മാനവീയം' പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പരിപാടിക്കായി എന്തു തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) തുക എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനോടകം മാനവീയം പരിപാടിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിപാടികളും ചടങ്ങും നടത്തിയിട്ടുണ്ട്; ആകെ എന്തു തുക ചെലവാക്കി;

(ഇ) മാനവീയം സാംസ്ക്കാരിക മിഷന്റെ ഉദ്ഘാടന ചടങ്ങ് എന്നാണ് നടന്നത്; ഇതിനുവേണ്ടി എന്തു തുക ചെലവായിട്ടുണ്ട്; ഏത് ഇനങ്ങളിലായാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്)'മാനവീയം സാംസ്ക്കാരിക മിഷൻ' എന്നാണ് രൂപീകരിച്ച് ഉത്തരവായിട്ടുള്ളത്; ഇതിന്റെ ചുമതലക്കാരും, അംഗങ്ങളും ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ജി) സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത മാനവീയം സാസംക്കാരിക മിഷന്റെ സംസ്ഥാനതല കമ്മിറ്റി അംഗങ്ങൾക്കും ചുമതലക്കാർക്കും ഡി.എ.റ്റി. എ. എന്നിവയോ ഓണറേറിയമോ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഓരോരുത്തർക്കും എത്ര തുക വീതം ഈ ഇനങ്ങളിലായി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(എച്ച്) മാനവീയം പരിപാടിയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതോടൊപ്പം കലാ-സാംസ്ക്കാരിക രംഗത്ത് ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കുവാനും നാടൻ കലകൾ, പ്രാദേശിക കലാരൂപങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകുവാനും വിവിധ വകുപ്പുകൾ ഏറ്റെടുത്തു നടത്തുന്ന വികസന പരിപാടികൾക്ക് ഗതിവേഗം വർദ്ധിപ്പിക്കുവാനും ആവശ്യമായ ബോധവൽക്കരണ പ്രചരണ പരിപാടികളും നടപ്പാക്കാനുമാണ് ഉദ്ദേശം.

(ബി&സി) മാനവീയം പരിപാടികളുടെ നടത്തിപ്പിനായി സർക്കാർ ഒരു കോടി രൂപ നൽകിയിട്ടുണ്ട്.

(ഡി) 1.11.99-ന് തിരുവനന്തപുരത്ത് ടാഗോർ തീയേറ്ററിൽ മാനവീയത്തിന്റെ കേളികൊട്ട് നടന്നു. തുടർന്നു നടന്ന പ്രധാന പരിപാടികൾ ഇവയാണ്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തക പ്രകാശനം - പ്രഭാഷണം.

LIBRARY ARCHIVES Kerala Legislative Assembly

കേരള സർവ്വകലാശാല യൂണിയൻ വിളംബര ജാഥ.

ഫോട്ടോ എക്സിബിഷൻ

വിതുരയിൽ ദീപശിഖാറാലി

വിയറ്റ്നാം സംഘത്തിന്റെ പരിപാടികൾ - തിരുവനന്തപുരം, തൃപ്പൂണിത്തുറ.

പ്രൊഫ. മുതുകാടിന്റെ പരിസ്ഥിതി മാജിക്

ജോണി മിഖായേലിന്റെ വൃക്ഷചിത്ര പ്രദർശനം

ചലച്ചിത്ര പ്രദർശനം-ആര്യനാട്, തിരുവല്ലം.

ഒറീസാ ദുരിതാശ്വാസനിധി ശേഖരം - എല്ലാ ജില്ലകളിലും

ചിത്ര പ്രദർശനം - കെ. പരമേശ്വരൻ, ചിത്രകലാനികേതൻ, വഴുതക്കാട്.

ലക്ഷം സംവാദം-പ്രിയദർശിനി പ്ലാനിറ്റോറിയം, തിരുവനന്തപുരം

നെതർലാന്റ് സംഘത്തിന്റെ പരിപാടികൾ

അലൈൻസ് ഫ്രാങ്കേഴ്സിന്റെ നേതൃത്വത്തിൽ ഫ്രഞ്ച് സംഘത്തിന്റെ നാടകം-ഫുട്ട്സ്വാൻ തിയറ്റേഴ്സ്.

നോർത്ത് സോൺ കൾച്ചർ സെന്ററിന്റെ ആഭിമുഖ്യത്തിൽ പഞ്ചാബ് ടീമിന്റെ ബാങ്കറാ ഡാൻസ് - ആറു ദിവസം

ജർമ്മൻ ടീമിന്റെ സാംസ്ക്കാരിക പരിപാടികൾ.

ഗോവൻ സാംസ്ക്കാരിക സംഘത്തിന്റെ പരിപാടികൾ.

എം.എഫ്, ഹുസൈൻ നേതൃത്വത്തിൽ സംസ്ഥാനത്തെ 150-ഓളം ചിത്രകാരൻമാർ നടത്തിയ 150 മീറ്റർ ചിത്രരചന.

പൈതൃക സംരക്ഷണ ശിൽപ്പശാല.

പ്രാദേശിക ചരിത്ര രചന ശിൽപ്പശാല.

കിഷോരി അമോങ്കക്കറിന്റെ ഹിന്ദുസ്ഥാനി സംഗീതകച്ചേരി, ഉമയാൾപുരം ശിവരാമൻ, മാർഗി കൃഷ്ണദാസ്, പല്ലാവൂർ കുഞ്ഞിക്കുട്ടൻ മാരാർ ഇവരുടെ താളവാദ്യ പൈതൃക സംരക്ഷണം കച്ചേരി, പാലക്കാട് കെ.വി. നാരായണ സ്വാമിയുടെ സംഗീതക്കച്ചേരി, പണ്ഡിറ്റ് രവിശങ്കറിന്റെ സിത്താർ കച്ചേരി, പ്രൊഫ. ഒ.എൻ.വി. കുറുപ്പ് എഴുതി കലാമണ്ഡലം അവതരിപ്പിച്ച നൃത്തശിൽപ്പം, മാർഗിയുടെ കഥകളി.

മാനവീയം പരിപാടിയുടെ നടത്തിപ്പിനായി 18.2.2000 വരെ 66,23,330.65 രൂപ (അറുപത്തിയാറു ലക്ഷത്തി ഇരുപത്തി മൂവായിരത്തി മുന്നൂറ്റി മുപ്പത് രൂപ അറുപത്തിയഞ്ച് പൈസ) ചെലവായിട്ടുണ്ട്.

(ഇ) മാനവീയം പരിപാടികളുടെ ഔപചാരിക ഉദ്ഘാടനം 28.1.2000 ത്തിലാണ് നടന്നത്. ഉദ്ഘാടന ദിവസം 2,46,548/- രൂപ (രണ്ടു ലക്ഷത്തി നാൽപത്തി ആറായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിയെട്ട് രൂപ മാത്രം) ചെലവായി.

(എഫ്) 17.7.99 ലാണ് മാനവീയം സാംസ്ക്കാരിക മിഷൻ രൂപീകരിച്ച് ഉത്തരവായത്. താഴെപ്പറയുന്നവരാണ് ഇതിന്റെ ചുമതലക്കാരും അംഗങ്ങളും.

1. സാംസ്ക്കാരിക കാര്യ വകുപ്പുമന്ത്രി - ചെയർമാൻ
2. ശ്രീ. എം.എ. ബേബി - മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

3.	ശ്രീ. പന്ന്യൻ രവീന്ദ്രൻ	–	,,
4.	ശ്രീ. പന്തളം സുധാകരൻ	–	,,
5.	ശ്രീ. ജോർജ്ജ് സെബാസ്റ്റ്യൻ	–	,,
6.	ഡോ. വർഗ്ഗീസ് ജോർജ്ജ്	–	,,
7.	ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ	–	,,
8.	ശ്രീ. കരകുളം കൃഷ്ണപിള്ള	–	,,
9.	ശ്രീ. അമിതാഭ് കാന്ത്	–	,,
10.	ശ്രീമതി അരുണാ സുന്ദർരാജ്	–	,,
11.	ഡോ. ടി.എം. തോമസ് ഐസക്	–	,,
12.	ശ്രീ. പി.കെ. രവീന്ദ്രൻ	–	,,
13.	ശ്രീ. സി.ജി. ശാന്തകുമാർ	–	,,
14.	ശ്രീ. ടി. ബാലകൃഷ്ണൻ	–	കൺവീനർ ആന്റ് നോഡൽ ഓഫീസർ

(ജി) സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് ടി.എ., ഡി.എ എന്നിവയോ ഓണറേറിയമോ കൊടുത്തിട്ടില്ല.

(എച്ച്)പൊതുജന പങ്കാളിത്തത്തോടെയാണ് മാനവീയം പരിപാടികൾ നടത്തുന്നത്.

11 (447) മാനവീയം പരിപാടിയുടെ ചെലവ്

<u>ശ്രീ. ടി.എം. ജേക്കബ്</u> :

<u>ശ്രീ. ജോണി നെല്ലൂർ</u> :

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവീയം പരിപാടിക്കുവേണ്ടി ഇതുവരെ എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(ബി) സംസ്ഥാനത്തിനു പുറത്തുനിന്ന് ഏതെല്ലാം കലാകാരൻമാരെയാണ് പരിപാടി അവതരിപ്പിക്കുന്നതിനു വേണ്ടി കേരളത്തിൽ കൊണ്ടുവന്നിട്ടുള്ളത്;

(സി) ഇവർക്കായി ഓരോ പരിപാടിക്കും എന്തു തുകവീതം ചെലവഴിച്ചിട്ടുണ്ട്;

(ഡി) മാനവീയം പരിപാടിയുമായി ബന്ധപ്പെട്ട് സർക്കാർ എത്ര പരസ്യങ്ങൾ നൽകിയിട്ടുണ്ട്; ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഇ) മാനവീയം പരിപാടിയുമായി ബന്ധപ്പെട്ട് പുറത്തിറക്കിയിട്ടുള്ള നോട്ടീസുകൾ, ലഘുലേഖകൾ, പുസ്തകങ്ങൾ എന്നിവയ്ക്ക് ഓരോന്നിനും എന്തു തുകവീതം ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly